**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1796** **08-10-2021 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനങ്ങളുടെ നികുതി നിർണയാധികാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള മോട്ടോർ വാഹനങ്ങളുടെ നികുതി നിർണയാധികാരം മറികടന്നുകൊണ്ട് ചില വിഭാഗത്തിൽപ്പെട്ടവർക്ക് ബി.എച്ച് രജിസ്ട്രേഷൻ അനുവദിക്കുകയും അവർ നൽകേണ്ട വാഹന നികുതി നിർണയിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സെലിബ്രിറ്റികൾ ഉൾപ്പെടെയുള്ളവർ വാഹന നികുതി വെട്ടിപ്പിനായി ഇതര സംസ്ഥാനങ്ങളിൽ വാഹനം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്തുപയോഗിക്കുന്ന സ്ഥിതിയിൽ ഇതു ദുരുപയോഗം ചെയ്യുന്നത് തടയാൻ വേണ്ട മുൻകരുതൽ സ്വീകരിയ്ക്കാനും സംസ്ഥാനാധികാരം കവർന്നതിൽ നിന്ന് പിന്തിരിയുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ 30 ദിവസത്തിൽ കൂടുതൽ കേരളത്തിൽ ഉപയോഗിക്കുന്ന സാഹചര്യത്തിൽ കേരള മോട്ടോർ വാഹന നികുതി ഈടാക്കൽ നിയമം 1976 3-ാം വകുപ്പിന്റെ 6-ാം ഉപവകുപ്പ് പ്രകാരം നികുതി ഈടാക്കുന്നതാണ്. അത്തരം വാഹനങ്ങൾ സംസ്ഥാനത്തിനുള്ളിൽ ഉപയോഗിക്കണമെങ്കിൽ വാഹന നികുതി നിയമത്തിലെ 3(6) വകുപ്പിലെ Annexure III-ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കുന്നതാണ്. സംസ്ഥാനത്തിനു പുറത്ത് രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ നികുതി സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. കേന്ദ്ര സർക്കാർ 26.08.2021 തീയതിയായി പുറപ്പെടുവിച്ച വിജ്ഞാപനം GSR 594 പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും ഇന്ത്യയിൽ കുറഞ്ഞത് നാല് സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെ ജീവനക്കാർ എന്നിവർക്ക് മാത്രമായിട്ടാണ് 'ഭാരത്' അഥവാ 'BH' സീരീസ് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. മറ്റുള്ളവർക്ക് ഈ രീതിയിലുള്ള രജിസ്ട്രേഷൻ സൗകര്യം അനുവദിച്ചിട്ടില്ല. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വാഹനങ്ങൾക്ക് കേന്ദ്ര മോട്ടോർ വാഹന ചട്ടം 51 B പ്രകാരം കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നികുതി ഒടുക്കേണ്ടതാണ്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത നിബന്ധന പ്രകാരം BH സീരിസിലുള്ള വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്ത് കേരളത്തിനകത്ത് ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ കുറഞ്ഞത് 2 വർഷം കൂടുമ്പോൾ നികുതി ഒടുക്കേണ്ടതാണ്. എന്നാൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കുകൾ കേരളത്തിൽ ഇപ്പോൾ നിലവിലുള്ളതിനെക്കാൾ കുറവായതിനാൽ പുതിയ രീതിയിലുള്ള സംവിധാനം നിലവിൽ വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനുണ്ടാകുന്ന റവന്യു നഷ്ടം സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ ആക്ഷേപങ്ങൾ കേന്ദ്ര ജോയിന്റ് സെക്രട്ടറി (MVL) യുമായി 13/09/2021 ൽ നടത്തിയ മീറ്റിംഗിൽ ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| (സി) | പൊതുഗതാഗത സംവിധാനത്തെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ നടത്തുന്ന നിയമനിർമാണം തിരുത്താൻ ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ? | (സി) | പൊതുഗതാഗതത്തെ ബാധിക്കുന്ന രീതിയിൽ കേന്ദ്രം നിർമ്മിക്കുന്ന നിയമങ്ങൾക്കെതിരെ യുക്തമായ അഭിപ്രായം യഥാസമയം അറിയിക്കാറുണ്ട്.എന്നാൽ ‘BH'സീരീസ് രജിസ്ട്രേഷൻ സംവിധാനം കേന്ദ്ര സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പൊതുമേഖലാ സ്ഥാപനങ്ങളിലെയും ഇന്ത്യയിൽ കുറഞ്ഞത് നാല് സംസ്ഥാനങ്ങളിലെങ്കിലും ബ്രാഞ്ചുകളുള്ള കമ്പനികളിലെ ജീവനക്കാർക്കും മാത്രമാണ് ബാധകമായിട്ടുള്ളത്. പൊതു ഗതാഗത സംവിധാനത്തിന് ബി.എച്ച്.രജിസ്ട്രേഷൻ ബാധകമല്ല. |

സെക്ഷൻ ഓഫീസർ